I/106636/2024

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

നം. NREGA/1275/2022-B1 തിയതി : 06-02-2024

# സർക്കുലർ

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - അംഗൻവാടി നിർമാണം-കേന്ദ്ര ധനകാര്യക്കമ്മീഷൻ ഗ്രാൻറ് വിഹിതം സംസ്ഥാന മിഷനിൽ അടവാക്കുന്നതും വിനിയോഗിക്കുന്നതും മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലകളിൽ വിവിധ സാമ്പത്തിക വർഷങ്ങളിലായി നിർമാണാനുമതി ലഭിച്ച അംഗൻവാടികളുടെ നിർമാണത്തിലേക്കായി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ വകയിരുത്തിയ കേന്ദ്ര ധനകാര്യക്കമ്മീഷൻ ഗ്രാൻറ് വിഹിതം തൊഴിലുറപ്പ് സംസ്ഥാന മിഷന്റെ ട്രഷറി അക്കൗണ്ട് മാപ്പ് ചെയ്യുവാനും സംസ്ഥാന മിഷന്റെ ട്രഷറി അക്കൗണ്ടിലെക്ക് അടക്കുവാനും സാധിക്കാത്ത സ്ഥിതി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ടി തുക ഏത് ബാങ്ക് അക്കൌണ്ടിലേക്കാണ് അടക്കേണ്ടത് എന്നതിനെ സംബന്ധിച്ചും പല ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിൽ ആശയക്കുഴപ്പം നിലനിൽക്കുന്നതായും മനസ്സിലാക്കാൻ കഴിഞ്ഞു. ഈ പ്രശ്നം പരിഹരിക്കുന്നതിലേക്കായി സംസ്ഥാന തൊഴിലുറപ്പ് മിഷന്റെ ചുവടെ നൽകിയിട്ടുള്ള ബാങ്ക് അക്കൌണ്ടിലേക്ക് കേന്ദ്ര ധനകാര്യക്കമ്മീഷന്റെ ഗ്രാന്റ് വിഹിതം അടവാക്കേണ്ടതാണ്.

| Bank Name | Account No. | IFSC | Account Holder Name | Address |
|---|---|---|---|---|
| State Bank of India | 67283168724 | SBIN0070308 | MAHATMA GANDHI NATIONAL RURAL EMPLOYMENT GUARANTEE FUND SOCIETY | State Bank of India, Vellayambalam, Thiruvananthapuram |

മേൽ ബാങ്ക് അക്കൌണ്ടിൽ വിഹിതം നിക്ഷേപിച്ച ശേഷം ജില്ലകൾ ക്രോഡീകരിച്ച കണക്ക് സംസ്ഥാന തൊഴിലുറപ്പ് മിഷൻ ഓഫീസിൽ അറിയിക്കേണ്ടതാണ്. കൂടാതെ തുക നിക്ഷേപിക്കുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ അംഗൻവാടിയുടെ നമ്പർ, ഭരണ-സാങ്കേതികാനുമതി വിവരങ്ങൾ, തുക നിക്ഷേപിക്കുന്ന സംസ്ഥാന മിഷന്റെ ടി ബാങ്ക് അക്കൌണ്ട് വിവരങ്ങൾ, പിന്നീട് പഞ്ചായത്തിനു തുക ക്ലെയിം ചെയ്യുവാൻ ആവശ്യമായ എല്ലാ വിവരങ്ങളും തുക നിക്ഷേപിച്ചിട്ടുള്ള നടപടിക്രമത്തിൽ കാണിക്കേണ്ടതുമാണ്. ടി ഉത്തരവിന്റെ പകർപ്പ്, തുക നിക്ഷേപിച്ച രസീതിന്റെയും നിക്ഷേപിച്ച ബാങ്ക് അക്കൌണ്ടിൻറെയും പകർപ്പുകൾ ഉൾപ്പെടെ ബന്ധപ്പെട്ട ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കും ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും നൽകേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ബി.പി.ഒ മാരും, ജെ.പി.സിമാരും കണക്കുകൾ സൂക്ഷിക്കേണ്ടതും ക്ലെയിം വരുമ്പോൾ ആവശ്യമായ രേഖകളോടെ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതുമാണ്.

പ്രസ്തുത വിഹിതം ലഭിച്ച അംഗൻവാടികളുടെ നിർമാണ പുരോഗതി ബന്ധപ്പെട്ട ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർ നേരിട്ട് വിലയിരുത്തി നിശ്ചിത സമയ ക്രമത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

I/106636/2024

ഇത്തരത്തിൽ സ്വരൂപിയ്ക്കുന്ന ഫണ്ടിൽ നിന്ന് തുക പിൻവലിക്കുന്നത് മിഷൻ ഡയറക്ടറുടെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം. മിഷൻ ഡയറക്ടറുടെ അനുമതി കൂടാതെ മേൽ ഫണ്ടിൽ നിന്ന് തുക പിൻവലിയ്ക്കുന്ന പ്രവണത ചില ഗ്രാമപഞ്ചായത്തുകളിൽ നിലനിൽക്കുന്നു. ഈ സാഹചര്യം ഗൌരവമായി വീക്ഷിക്കുന്നു. ഇത്തരത്തിൽ പിൻവലിക്കുന്ന തുക നിലവിലെ ബാങ്ക് പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതും തുക പിൻവലിക്കുന്നതിന് മുതിരുന്ന ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്കനടപടിയ്ക്ക് ശിപാർശ ചെയ്യുന്നതടക്കമുള്ള നടപടി സ്വീകരിക്കുന്നതാണ്.

Signed by
Nizamudeen A I A S
Date: 06-02-2024 15:21:01

NIZAMUDEEN A I A S
MISSION DIRECTOR

പകർപ്പ് :-

1. എല്ലാ JPC മാർക്കും
2. എല്ലാ BPO/ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും(JPC മുഖേന)
3. സോഷ്യൽ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
4. ഓംബുഡ്സ്പേർസൺ, സംസ്ഥാന അപ്പലേറ്റ് അതോറിറ്റി
5. മിഷന്റെ വെബ്/മീഡിയ സൈറ്റ്
6. മിഷന്റെ എല്ലാ സെക്ഷനുകൾക്കും
7. ഇ-ഓഫീസ് നോട്ടീസ് ബോർഡ്
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി